# സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ പുറപ്പെടുവിക്കുന്ന സർക്കുലർ

തിരുവനന്തപുരം, 30.12.2014

## സർക്കുലർ നമ്പർ -7/2014

വിഷയം:- സഹകരണ സംഘം/ബാങ്ക്-തെരഞ്ഞെടുപ്പ്- ഫീസ് ഒടുക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും സമ്മതിദാനാവകാശപ്പട്ടികകളുടെ തയ്യാറാക്കൽ, ഭരണസമിതി തെരഞ്ഞെടുപ്പ്, പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് ഉൾപ്പെടെ എല്ലാ തെരഞ്ഞെടുപ്പുകളുടെയും നടത്തിപ്പിനുമേൽ പരിശോധന നടത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള അധികാരം സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് നിക്ഷിപ്തമായിട്ടുള്ളതിനാൽ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊള്ളുന്നു:-

സഹകണ ചട്ടം 35 ഡി പ്രകാരം ഓരോ സഹകരണ സംഘങ്ങളും ഭരണസമിതി തെരഞ്ഞെടുപ്പ്, പ്രാതിനിധ്യ പൊതുയോഗ തെരഞ്ഞെടുപ്പ് എന്നിവകൾക്കു ഓരോന്നിനും പ്രത്യേകം ഫീസ് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്;

| | | |
|---|---|---|
| 1. | അപ്പെക്സ് സംഘങ്ങൾ | 5000 രൂപ |
| 2. | സെൻട്രൽ, ഫെഡറൽ സംഘങ്ങൾ | 3000 രൂപ |
| 3. | വായ്പാ സംഘങ്ങളും ഹൗസിംഗ് സംഘങ്ങളും | 2000 രൂപ |
| 4. | മറ്റിതര സംഘങ്ങൾ | 1000 രൂപ |

ചുവടെ പറഞ്ഞിട്ടുള്ള സംഘങ്ങളെ തെരഞ്ഞെടുപ്പ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

a. എല്ലാ അംഗങ്ങളുമോ ഭൂരിഭാഗം അംഗങ്ങളോ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾ, വികലാംഗരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള സംഘങ്ങൾ;

b. എല്ലാ സ്കൂൾ സംഘങ്ങളും;

c. ഏതൊരു സംഘത്തിന്റേയും ആദ്യത്തെ തെരഞ്ഞെടുപ്പ്.

തെരഞ്ഞെടുപ്പ് ഫീസ് ഗവൺമെന്റ് ട്രഷറിയിൽ 0425 - Co-operation- 501-Services and Service Fees- 99 - Election Fees എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഒറിജിനൽ ചെലാൻ സംഘത്തിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് തെരഞ്ഞെടുപ്പ് അപേക്ഷയോടൊപ്പം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കേണ്ടതുമാണ്. തെരഞ്ഞെടുപ്പ് ഫീസ് ഒടുക്കിയിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് അപേക്ഷ ശുപാർശ

അധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ശുപാർശ ചെയ്യുന്ന ഉദ്യോഗസ്ഥൻ ചെലാൻ അടച്ചതു സംബന്ധിച്ച് ഒരു രജിസ്റ്റർ കാത്തുസൂക്ഷിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് ഫീസ് ഒടുക്കാത്ത അപേക്ഷകൾ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ നിരസിക്കുന്നതാണ്.

കെ. മധുസൂദനൻ നായർ,
സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ.

മേലെഴുത്ത്:

ചട്ടഭേദഗതി നടപ്പിൽ വന്ന 26.11.2014 ന് ശേഷം തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച സംഗതിയിൽ സംഘം ഒടുക്കേണ്ടിയിരുന്ന തുക മേൽപ്പറഞ്ഞ ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ചെലാൻ രസീത് അടിയന്തരമായി ഈ ആഫീസിൽ അയച്ചു തരുന്നതിന് ശുപാർശ ചെയ്ത അതാത് ഉദ്യോഗസ്ഥരോട് ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു. (ഇത് സർക്കുലറിന്റെ ഭാഗമല്ല.)